**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3437** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുല്ലൂരാംപാറ ദുരന്ത ബാധിതരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ പുല്ലൂരാംപാറയിൽ 2012-ൽ ഉണ്ടായ ഉരുൾ പൊട്ടലിനെ തുടർന്ന് താത്ക്കാലിക ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള റവന്യൂ അധികൃതരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുല്ലൂരാംപാറയിൽ 2012 ൽ ഉണ്ടായ ഉരുൾപൊട്ടലിനെതുടർന്ന് താത്ക്കാലിക ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വിശദമായ സ്ഥല പരിശോധന നടത്തി 6 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനു ശുപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ; | (ബി) | 2018 ലെ പ്രളയത്തെത്തുടർന്നാണ് വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ആകെ പത്തു ലക്ഷം രൂപ അനുവദിച്ചു വരുന്നത്. 2019 ലെ പ്രളയത്തിലും ഇതേ മാനദണ്ഡങ്ങൾ തുടർന്നു. 2012-ൽ ഉണ്ടായ നാശനഷ്ടങ്ങൾക്ക് ഇതേ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ വിഷയം പരിശോധിച്ചതിൽ പ്രസ്തുത കുടുംബങ്ങളെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതാണുചിതമെന്ന് സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റിപ്പോർട്ട ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |
| (സി) | പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | 2018 ലെ പ്രളയത്തെത്തുടർന്നാണ് വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനു സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് ആകെ പത്തു ലക്ഷം രൂപ അനുവദിച്ചു വരുന്നത്. 2019 ലെ പ്രളയത്തിലും ഇതേ മാനദണ്ഡങ്ങൾ തുടർന്നു. 2012-ൽ ഉണ്ടായ |

| | | | |
|---|---|---|---|
| | | | നാശനഷ്ടങ്ങൾക്ക് ഇതേ മാനദണ്ഡം അനുസരിച്ച് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുമായി ബന്ധപ്പെട്ട് ഈ വിഷയം പരിശോധിച്ചതിൽ പ്രസ്തുത കുടുംബങ്ങളെ സ്ഥിരമായി മാറ്റിപാർപ്പിക്കുന്നതാണുചിതമെന്ന് സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി റിപ്പോർട്ട ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ